**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **06-12-2022 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരി പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016, 2017 എന്നീ രണ്ട് ബഡ്ജറ്റുകളിലുമായി കിഫ്ബിയിൽ ഉൾപ്പെടുത്തി തങ്കളം-കാക്കനാട് നാലുവരി പാതയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തങ്കളം-കാക്കനാട് റോഡ് പ്രവൃത്തിയ്ക്കായി 2016-17 ലെ റിവൈസ്ഡ് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഖണ്ഡിക 33, ക്രമ നം 26 ആയി 30 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡിനെ SPV ആയി നിയോഗിച്ചു കൊണ്ട് 01/11/2016-ലെ GO (Rt) No. 1502/2016/PWD നം ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും, 12/02/2021-ലെ G.O (Rt) No. 188/2021/PWD ഉത്തരവ് പ്രകാരം ഇത് പുതുക്കി നൽകുകയും ചെയ്തിരുന്നു. നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ചും, സൈറ്റ് വിസിറ്റ് നടത്തിയും തയ്യാറാക്കിയ പ്രാഥമിക അവലോകന റിപ്പോർട്ടും, സൈറ്റ് വിസിറ്റ് റിപ്പോർട്ടും സഹിതം SPV-ക്ക് തിരിച്ച് നൽകിയിരുന്നു. ഇതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് Project Preparation Unit തയ്യാറാക്കുന്ന റിവൈസ്ഡ് DPR പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയ്ക്ക് സമർപ്പിക്കുന്നതാണെന്നാണ് KRFB അറിയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടിയിൽ തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത തടസ്സം പരിഹരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (സി) | റിവൈസ്ഡ് DPR തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിലാണ് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടിയിൽ തടസ്സം നേരിടുന്നത് എന്നതിനാൽ, റിവൈസ്ഡ് DPR തയ്യാറാക്കുന്ന പ്രക്രിയ നിരീക്ഷിക്കുന്നതിന് കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ